പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3317 | 9/04/2013 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും നീക്കി വെച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ; | | |
| (സി) സർക്കാർ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാകുന്നത് ഏതെല്ലാം; പുരോഗതി വ്യക്തമാക്കാമോ ; | (സി) | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) 2013-14 വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയ്ക്കും നീക്കിവെച്ച തുക എത്ര ? | (ഡി) | അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| പ്രവർത്തനം | എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|
| ബി.ആർ.സി. കെട്ടിടം | | |
| സി.ആർ.സി. കെട്ടിടം | 4 | 20.00 |
| അധിക ക്ലാസ് മുറി | 128 | 960.00 |
| ടോയ്‌ലറ്റ് | 37 | 212.75 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 1382 | 609.00 |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള ടോയ്‌ലറ്റ് | 1187 | 899.90 |
| | 735 | 183.75 |
| കുടിവെള്ള സൗകര്യം | | |
| ഇടഭിത്തി | 32 | 6.40 |
| വൈദ്യുതീകരണം | 1064 | 159.60 |
| ശിശുസൗഹൃദഘടകങ്ങൾ | 6839 | 683.90 |
| ഫർണിച്ചർ (കുട്ടികളുടെ എണ്ണം) | 1806 | 1806.00 |
| റാമ്പുകളും റെയിലുകളും | 138297 | 691.49 |
| മേജർ റിപ്പയർ | 3716 | 371.60 |
| | 1382 | 8448.26 |

ഇതിനായി 150.52 കോടി രൂപ ചെലവാക്കി. ബി.ആർ.സി., സി.ആർ.സി., അധികക്ലാസ്മുറി ഒഴികെ എല്ലാ പണികളും പൂർത്തിയായി

## ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

1. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം - 1500 ലക്ഷം രൂപ
2. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം - 442 ലക്ഷം രൂപ
3. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം - 1000 ലക്ഷം രൂപ

ആകെ 2942 ലക്ഷം രൂപ

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് 2012-13 സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 5100 ലക്ഷം രൂപ അനുവദിച്ചിരുന്നു.

2011-12 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 2942 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിരുന്നെങ്കിലും 442 ലക്ഷം രൂപ മാത്രമാണ് 2011-12 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്.

1) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം - 442 ലക്ഷം രൂപ

ഈ പദ്ധതിയ്ക്ക് 2011-12 -ൽ തന്നെ ഭരണാനുമതി ലഭിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം പുതുതായി ആരംഭിച്ച 21 സർക്കാർ സ്കൂളുകളിൽ 94,50,00 രൂപക്കു ലബോറട്ടറി ഉപകരണങ്ങൾ, 3 സ്കൂളുകളിൽ അപൂർവ്വ വിഷയങ്ങൾക്കുള്ള ലാബോറട്ടറി ഉപകരണങ്ങൾ (രൂപ 2,30,000), 27 സർക്കാർ സ്കൂളുകളിൽ 56,50,000 രൂപയ്ക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, 14 സർക്കാർ സ്കൂളുകളിൽ 28,00,000 രൂപ ചെലവഴിച്ച് കംമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കൽ 27 സർക്കാർ സ്കൂളുകളിൽ 81,00,000 രൂപയ്ക്കുള്ള ഫർണിച്ചർ നൽകൽ, 27 സർക്കാർ സ്കൂളുകളിൽ 16,20,000 രൂപയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ നൽകൽ എന്നിവ നടപ്പാക്കുകയുണ്ടായി.

ഇതു കൂടാതെ 188 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 1,41,00,000 രൂപയ്ക്ക് ജ്യോഗ്രഫിക്കുള്ള ലാബോറട്ടറി ഉപകരണങ്ങൾ 18 സർക്കാർ സ്കൂളുകളിൽ 17,10,000 രൂപയ്ക്കുള്ള ജിയോളജിക്കുള്ള ലാബോറട്ടറി ഉപകരണങ്ങൾ, 3 സർക്കാർ സ്കൂളുകളിൽ 3,30,000 രൂപയ്ക്ക് ഇലക്ട്രോണിക്സിനുള്ള ലാബോറട്ടറി ഉപകരണങ്ങൾ 3 സർക്കാർ സ്കൂളുകളിൽ 2,10,000 രൂപയ്ക്ക് ഹോം സയൻസിനുള്ള ലാബോറട്ടറി ഉപകരണങ്ങൾ ഇവ വാങ്ങി നൽകുകയുണ്ടായി.

2011-12 സാമ്പത്തികവർഷത്തിൽ ബജറ്റു വിഹിതമായി അനുവദിച്ച 2500 ലക്ഷം രൂപയുടെ (അടിസ്ഥാന സൗകര്യ വികസനം) പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയിരുന്നെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫണ്ട് അനുവദിക്കുകയുണ്ടായി. ഇതിൻ പ്രകാരം 200 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 5 ലക്ഷം രൂപ വീതം ചിലവഴിച്ച് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുകഴിഞ്ഞു.

657 ലക്ഷം രൂപ ചെലവഴിച്ച് 212 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബോറട്ടറി സൗകര്യം ഒരുക്കൽ 128 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഇവ വാങ്ങി നൽകുകയുണ്ടായി.

8.37 കോടി രൂപ ചെലവഴിച്ച് 113 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം ഇവ ഒരുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബജറ്റു വിഹിതത്തിൽ ബാക്കിയുള്ള 1279 ലക്ഷം രൂപ ഉപയോഗിച്ച് 500 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗേൾസ്

ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ബോയ്സ് ടോയ്‌ലറ്റുകൾ, യൂറിനൽ സൗകര്യം കുടിവെള്ള സൗകര്യം ഇവ ഒരുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതാണ്.

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയ പദ്ധതികൾ**

പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും, യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 2012-2013 സാമ്പത്തിക വർഷത്തിൽത്തന്നെ സംസ്ഥാനത്തെ രണ്ട് ഗവ: വി.എച്ച്.എസ്. സ്കൂളുകളിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി പ്ലാൻ ഫണ്ടിൽ നിന്ന് 1,88,20,565/- രൂപ (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റിയറുപത്തഞ്ച് രൂപ മാത്രം) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിന് നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളായ യൂറിനൽ, ടോയ്‌ലറ്റ്, കുടിവെള്ള ലഭ്യത തുടങ്ങിയവുടെ ദൗർലഭ്യം പൂർണ്ണമായോ ഭാഗികമായോ അനുഭവപ്പെടുന്ന സ്കൂളുകളിൽ ഇവ നടപ്പിലാക്കുന്നതിന് വേണ്ടി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, മലപ്പുറം, വയനാട് ജില്ലകളിൽ സ്കൂൾ കെട്ടിടം പണിയുന്നതിന് വേണ്ടി 6.9 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. അടിസ്ഥാന സൗകര്യങ്ങളായ യൂറിനൽ, ടോയ്‌ലറ്റ്, കുടിവെള്ള ലഭ്യത എന്നിവ നടപ്പിലാക്കുന്നതിന് വേണ്ടി അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടം പണിയുന്നതിനുവേണ്ടി അതാത് ജില്ലയിലെ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം 2

സുനാമി പുനരധിവാസ പദ്ധതി പ്രകാരം ടോയലറ്റ്/ യൂറിനൽ നിർമ്മാണത്തിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽപ്പെട്ട സ്കൂളുകൾക്ക് 51 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും ചെലവഴിച്ച് കഴിഞ്ഞു. കൂടാതെ കെട്ടിടനിർമ്മാണത്തിനായി 1 കോടി 47 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,37,31,042/- രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സുനാമി പുനരധിവാസ പദ്ധതി പ്രകാരം സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 4 കോടി 31 ലക്ഷം രൂപ അനുവദിച്ചതിൽ 4,28,89,000/- രൂപയുടെ പ്രവൃത്തി ഇതിനകം പൂർത്തിയാക്കി. കൂടാതെ ടോയലറ്റ്/യൂറിനൽ നിർമ്മാണത്തിനായി അനുവദിച്ച 1,25,00,000/- രൂപ (ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം) മുഴുവനും ആയതിനായി ചിലവഴിക്കുകയും ചെയ്തു. RMSA പദ്ധതി പ്രകാരം എല്ലാ ഗവ. ഹൈസ്കൂളുകൾക്കും 75,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി ഈ ജില്ലയിലെ ഗവ. സ്കൂളുകൾക്കായി 51,10,000/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതികളിലെല്ലാം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെടുന്നു.

അനുബന്ധം 3

2013-14 വർഷത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രധാന പദ്ധതികളും ഓരോ പദ്ധതിക്കും നീക്കി വെച്ച തുക സംബന്ധിച്ച വിവരവും താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1) | ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം | - 500 ലക്ഷം |
| 2) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ നവീകരണം | - 90 ലക്ഷം |
| 3) | വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ | - 400 ലക്ഷം |
| 4) | സ്കോളർഷിപ്പുകൾ | - 600 ലക്ഷം |
| 5) | അടിസ്ഥാന സൗകര്യ വികസനം | - 5600 ലക്ഷം |
| | ആകെ | - 7190 ലക്ഷം |

സംസ്ഥാനത്തെ ഏഴ് ജില്ലകളിലായി 8 ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 4 ക്ലാസ്സ് മുറികളും 2 ലബോറട്ടറി മുറികളും നിർമ്മിക്കുന്നതിനു വേണ്ടി 400 ലക്ഷം രൂപ 2013-2014 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ക്യാപ്പിറ്റൽ ഹെഡ് ആയ "4202-01-202-92-പ്ലാൻ" ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഈ വകുപ്പ് സ്വീകരിച്ചു കഴിഞ്ഞു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ 2013-14 വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ

| നം. | സ്കൂളിന്റെ പേര് | ജില്ല | എസ്റ്റിമേറ്റ് (രൂപ) |
|---|---|---|---|
| 1. | കാഞ്ഞിരംകുളം എൽ.പി.എസ് | തിരുവനന്തപുരം | 2,00,00,000 |
| 2. | ജി.എച്ച്.എസ്സ്.കുഞ്ഞോം | വയനാട് | 1,25,00,000 |
| 3. | ഗവ: എച്ച്.എസ്സ്. വാളേരി | വയനാട് | 75,00,000 |
| 4. | ഗവ: മാപ്പിള യു.പി.എസ്. കക്കാട് | മലപ്പുറം | 2,50,00,000 |
| 5. | ഗവ: എൽ.പി.എസ്. വീട്ടിക്കുത്ത്, നിലമ്പൂർ | മലപ്പുറം | 40,00,000 |